**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1018** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഹാജിയാർപള്ളിയിലെ ഭൂമിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബട്ടർ ഫ്ലൈ പാർക്ക്, ബാംബൂസെറ്റം, ഇക്കോ പാർക്ക്, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) | ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബട്ടർഫ്ലൈ പാർക്ക് ബാംബൂസ്റ്റെം, ഇക്കോ പാർക്ക്, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി മൈക്രോപ്ലാൻ വനം വകുപ്പ് ആസ്ഥാനത്തിൽ തയ്യാറാക്കി വരുന്നു. |
| (ബി) | ബട്ടർ ഫ്ലൈ പാർക്ക്, ബാംബൂസെറ്റം, ഇക്കോ പാർക്ക് എന്നിവ ആരംഭിക്കുന്നതിനു വേണ്ടി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | ബട്ടർഫ്ലൈ പാർക്ക് ആരംഭിക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നുണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ 22.07.2022 ന് സ്ഥലം സന്ദർശിക്കുകയും തുടർന്ന് റിപ്പോർട്ട് വനം വകുപ്പ് ആസ്ഥാനത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത വർഷം മഴക്കാലം ആരംഭിക്കുന്നതോടു കൂടി മുളത്തൈകൾ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭ്യമാക്കി വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പദ്ധതി നടപ്പിലാക്കുന്നതിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും, പദ്ധതികൾ അടിയന്തരമായി യഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കുമോ? | (സി) | പദ്ധതി നടപ്പിലാക്കുവാൻ ഏകദേശം 200 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി അടിയന്തരമായി യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ